## പുണ്യവാള പൂജക്കെതിരെ ഇസ്‌ലാമിന്റെ ജാഗ്രത-3

കെ.എ ഖാദിർ ഫൈസി

# ഖബ്‌റാരാധന

**സ്വൂഫിസം** വഴി അഹ്‌ലുസ്സുന്നയിലെത്തിയ ഒരു നൂതനാചാരമാണ് ഖബ്‌റാരാധന. ഇത് പല രീതികളിലായി നടത്തപ്പെടുന്നു; പുണ്യവാളന്മാരുടെ ഖബ്‌റുകളിന്മേൽ കുടീരങ്ങൾ നിർമിക്കുക, ഇടക്കിടെ അവിടെ സന്ദർശനം നടത്തുക, അവിടെ വെച്ച് പ്രാർഥിക്കുക, അവയോടനുബന്ധിച്ച് ഉറൂസ് നടത്തുക, അവ പ്രദക്ഷിണം നടത്തുക, അവിടെ സുജൂദ് ചെയ്യുക, അന്നദാനം നടത്തുക, ബലിയറുക്കുക എന്നിങ്ങനെ വിവിധ രീതികളിൽ. തദ്വിഷയകമായി അഹ്‌ലുസ്സുന്നയുടെ നിലപാടെന്തായിരുന്നുവെന്നും പിന്നീടതിലുണ്ടായ പരിണാമഗതികളെന്തായിരുന്നുവെന്നും പരിശോധിക്കാം.

### ശവകുടീര നിർമാണം

പുരാതന മതങ്ങളിൽ പിൽക്കാലത്ത് ശവകുടീര സംസ്കാരങ്ങളുടലെടുക്കുകയുണ്ടായി. അത് പിന്നീട് ക്രിസ്തുമതത്തെയും സ്വാധീനിച്ചു. ക്രിസ്തുമതത്തിൽ ഈ സംസ്കാരം പച്ചപിടിച്ചുകഴിഞ്ഞിരുന്ന അവസരത്തിലാണ് ഇസ്‌ലാം സമാഗതമായത്. അബ്സീനിയയിൽ താൻ കണ്ട സുന്ദരമായ ചർച്ചിനെയും അതിലെ ചിത്രങ്ങളെയും കുറിച്ച് പ്രവാചകപത്നി ഉമ്മുസൽമ(റ) തിരുമേനി(സ)യോട് വിവരിച്ച സംഭവം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു. അപ്പോൾ, തിരുമേനി(സ) അരുളിയതിങ്ങനെയായിരുന്നു: "തങ്ങളുടെ ഒരു പുണ്യവാളൻ മരിച്ചാൽ അയാളുടെ ഖബ്‌റിനെ ആരാധനാകേന്ദ്രമാക്കുകയും അവയിൽ അയാളുടെ പ്രതിമകൾ നിർമിച്ചുവെക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണവർ. ദൈവത്തിങ്കൽ ഏറ്റവും നിന്ദ്യർ!" ഈ പ്രവൃത്തിയുടെ പേരിൽ അവിടുന്ന് അവരെ ശപിക്കുകയുമുണ്ടായിട്ടുണ്ട്. പൂർവികർക്ക് വന്നുഭവിച്ച ഈ വിപത്ത് തന്റെ സമുദായത്തിൽ വന്നുപെടാതിരിക്കാൻ അവിടുന്ന് മുന്നറിയിപ്പു നൽകി. തന്റെ ഖബ്ർ ആരാധനാ കേന്ദ്രമാക്കുന്നത് അദ്ദേഹം കർശനമായി നിരോധിച്ചു. മാത്രമല്ല, ഈ നൂതന പ്രവണത ഉടലെടുക്കാൻ സാധ്യതയുള്ള സകല സ്രോതസ്സുകളും അവിടുന്ന് കൊട്ടിയടക്കുകയും ചെയ്തു. ഖബ്ർ കെട്ടിപ്പൊക്കുക, ഖബ്‌റിനഭിമുഖമായി നമസ്കരിക്കുക, ഖബ്‌റിന്മേൽ ഇരിക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച നിരോധനങ്ങൾ ഉദാഹരണം.

സ്വഹാബിമാരും ശേഷം താബിഉകളും താബിഉത്താബിഉകളുമെല്ലാം ഈ നിർദേശങ്ങൾ അക്ഷരംപ്രതി പാലിച്ചുപോന്ന കാര്യവും നാം വിശദീകരിച്ചു. പൂർവസൂരികൾ കണിശമായ നിലപാടുതന്നെയാണ് ഈ വിഷയത്തിൽ സ്വീകരിച്ചിരുന്നതെന്നതിന് അവരുടെ ഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഇമാം ശാഫിഈ(റ)യുടെ നിലപാട് ഉദാഹരണം. *ഉമ്മ്* എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം എഴുതി: "ഖബ്ർ (മൂടുന്നതിന്) അതിന്റെ മണ്ണിനേക്കാൾ കൂടുതലെടുക്കാതിരിക്കുന്നതാണ് ഞാനിഷ്ടപ്പെടുന്നത്. കാരണം, അങ്ങനെ ചെയ്യുന്നപക്ഷം, ഖബ്ർ ഭൂനിരപ്പിൽനിന്ന് വല്ലാതെ ഉയർന്നുപോകും. ഏതാണ്ടൊരു ചാൺ വരെ ഉയരുന്നതേ ഞാനിഷ്ടപ്പെടുന്നുള്ളൂ. കെട്ടിപ്പൊക്കുന്നതും കുമ്മായമിടുന്നതും എനിക്കിഷ്ടമല്ല. അത് മോടിക്കും ധാടിക്കും സദൃശമാണ്. മരണം അവയൊന്നിന്റെയും സ്ഥാനമല്ലല്ലോ. മുഹാജിറുകളുടെയും അൻസ്വാറുകളുടെയും ഖബ്‌റുകൾ കുമ്മായമിട്ടതായി ഞാൻ കണ്ടിട്ടില്ല. ഖബ്‌റുകൾ കെട്ടിപ്പൊക്കുന്നതും കുമ്മായമിടുന്നതും റസൂൽ(സ) നിരോധിച്ചതായി ത്വാഊസിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മക്കയിലുണ്ടാക്കപ്പെട്ട ശവകുടീരങ്ങൾ അവിടത്തെ ഭരണാധിപന്മാർ പൊളിച്ചുനീക്കുന്നത് ഞാൻ കണ്ടു. ഫുഖഹാക്കൾ അതിനെ ആക്ഷേപിക്കുന്നതായി കണ്ടതുമില്ല"[1]

ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതനായ ഇമാം നവവിയും ഇതേ വീക്ഷണം തന്നെയാണ് പുലർത്തിയിരുന്നത്. അദ്ദേഹം എഴുതി: "ഖബ്ർ കുമ്മായമിടുന്നതും അതിന്മേൽ ഖബ്‌റാളിയുടെ പേരോ മറ്റോ എഴുതുന്നതും കെട്ടിടമുണ്ടാക്കുന്നതും നിഷിദ്ധമാണെന്ന് ശാഫിഈ(റ)യും അനുയായികളും പറഞ്ഞിരിക്കുന്നു. നമ്മുടെ മദ്ഹബുകാർക്കിടയിൽ ഇക്കാര്യത്തിൽ യാതൊരു അഭിപ്രായഭിന്നതയുമില്ല. ഇമാം മാലിക്, ഇമാം അഹ്‌മദ്, ബഹുഭൂരിഭാഗം പണ്ഡിതന്മാർ എന്നിവരുടെ അഭിപ്രായവും ഇതുതന്നെ"[2]. കെട്ടിടമുണ്ടാക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെ: "അത് പൊതുസ്ഥലത്താണെങ്കിൽ ഹറാമും പൊളിച്ചുനീക്കേണ്ടതുമാണ്. ഈ വിഷയകമായും അഭിപ്രായഭിന്നതയില്ലെന്ന് നമ്മുടെ മദ്ഹബിന്റെ ഇമാമുമാർ പറയുന്നു"[3].

മറ്റൊരു പ്രമുഖ പണ്ഡിതനായ ഇമാം ബഗവിയും മറ്റും ഖബ്‌റിന്മേൽ പന്തൽ പോലുമിടാൻ പാടില്ലെന്നാണ് പറയുന്നത്. അവർ പറയുന്നു: "ഖബ്‌റിന്മേൽ പന്തൽ കണ്ട ഉമർ(റ) അതെടുത്തുമാറ്റാൻ കൽപിച്ചുകൊണ്ട് പറഞ്ഞു: അത് നീക്കിക്കളയുക. ഖബ്‌റാളിക്ക് അയാളുടെ കർമം തണലേകും"[4].

പണ്ഡിതന്മാർ ഇത്തരം നിലപാടുകളിൽ ഉറച്ചുനിൽക്കുന്നതിനിടയിലാണ്, പല തരം നൂതനാശയങ്ങളും ആചാരങ്ങളും സമൂഹത്തിൽ നുഴഞ്ഞുകയറാൻ തുടങ്ങിയത്. ശീഈസത്തിന്റെയും മറ്റും ആശയങ്ങൾ ചില പിൽക്കാല പണ്ഡിതന്മാരെ സ്വാധീനിക്കുകയുണ്ടായി. അതിനാൽതന്നെ പൂർവസൂരികളിൽനിന്ന് ഭിന്നമായ വീക്ഷണങ്ങൾ പ്രകടിപ്പിക്കാൻ അവർ ധൈര്യപ്പെട്ടു. തങ്ങളുടെ വീക്ഷണങ്ങൾക്കനുസൃതമായി ഖുർആനും സുന്നത്തും മാത്രമല്ല, പൂർവസൂരികളുടെ വീക്ഷണങ്ങൾതന്നെ വ്യാഖ്യാനിക്കാൻ തുടങ്ങി. സ്വൂഫിസത്തിന്റെ കാൽക്കീഴിൽനിന്ന് മോചിതരായ പണ്ഡിതന്മാർ വിരളമായി മാറി. ഖബ്‌റിന്മേൽ ദർഗ നിർമിക്കുന്നതിലും മറ്റു രീതികളിൽ അതിനെ 'ബഹുമാനിക്കുന്ന'തിലും ഏർപ്പെട്ടിരുന്ന സ്വൂഫിസത്തിന്റെ അലയൊലികൾ, സ്വാഭാവികമായും ഇത്തരക്കാരുടെ അഭിപ്രായങ്ങളെ സ്വാധീനിച്ചു. അങ്ങനെ, പൂർവസൂരികളിലില്ലാത്ത ഭിന്നതകൾ പിൽക്കാല പണ്ഡിതന്മാർക്കിടയിൽ ഉടലെടുക്കുകയായിരുന്നു. പക്ഷേ, ഈ ദുഷ്പ്രവണതയെ പ്രാമാണിക പണ്ഡിതന്മാർ യഥോചിതം നേരിടുകതന്നെ ചെയ്തു.

ഖബ്‌റിന്മേൽ കെട്ടിടമുണ്ടാക്കുക തുടങ്ങി അതിനെ 'ബഹുമാനിക്കുന്ന' വിവിധ രീതികളെ പ്രവാചകനും പൂർവസൂരികളും അതിനിശിതമായി വിമർശിച്ചത് അവ ശിർക്കിലേക്കുള്ള കവാടങ്ങളാണെന്ന നിലയിലാണെന്ന് പ്രസ്തുത വാക്യങ്ങളും സാഹചര്യങ്ങളും പരിശോധിക്കുന്ന ആർക്കും വ്യക്തമാകും. ഖബ്ർ പൊതുസ്ഥലത്താവുക, സാധാരണക്കാരന്റേതാവുക തുടങ്ങിയ പരിഗണനയൊന്നുമായിരുന്നില്ല പ്രശ്നം. പ്രത്യുത, ഖബ്‌റാളികൾ ക്രമേണ ആരാധ്യരായിത്തീരുന്ന പൂർവാനുഭവങ്ങൾ ആവർത്തിക്കപ്പെടുമോ എന്ന ആശങ്കയായിരുന്നു അതിന്റെ മർമം. ശിർക്കിലേക്കുള്ള സകല കവാടങ്ങളും അടച്ചിടുകയായിരുന്നു ഇസ്‌ലാമിന്റെ ലക്ഷ്യം.

പക്ഷേ, മുകളിൽ സൂചിപ്പിച്ച സ്ഥിതിവിശേഷം ചില പണ്ഡിതന്മാരെ അടക്കിഭരിക്കാൻ തുടങ്ങിയതോടെ പിന്നെ വ്യാഖ്യാന പഴുതുകളന്വേഷിച്ചുള്ള നെട്ടോട്ടമായിരുന്നു. പൊതുസ്ഥലവും സ്വകാര്യസ്ഥലവും വിവേചിക്കുകയായിരുന്നു ഒരു രീതി. അങ്ങനെ, പൊതുസ്ഥലത്ത് കെട്ടിടം പാടില്ലെന്നും സ്വകാര്യ സ്ഥലത്ത് ആകാമെന്നും വിധിയുണ്ടായി. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ഇതിനെതിരെ ശക്തിയായി പ്രതികരിക്കുക

യായിരുന്നു. അല്ലാമാ ഇബ്നു ഹജർ ഹൈതമി(റ)യുടെ വാക്കുകൾ നമുക്കിങ്ങനെ വായിക്കാം: "ഇമാം ശിഹാബുദ്ദീൻ അദ്റഈ(റ) പറഞ്ഞു: ഖബ്റിന്മേൽ കെട്ടിടമുണ്ടാക്കുന്ന കാര്യത്തിൽ യാതൊരു പരിധിയും കൽപിക്കാതെയുള്ള ഖാദി ഇബ്നു കജ്ജിന്റെ നിരുപാധികമായ അഭിപ്രായമാണ് ഏറ്റവും പ്രബലം. അതേ, പൊതുസ്ഥലത്താണെങ്കിലും സ്വകാര്യ സ്ഥലത്താണെങ്കിലും ഖബ്റിന്മേൽ കെട്ടിടമുണ്ടാക്കുന്നത് നിഷിദ്ധമാണ്. കാരണം, പൊതുനിരോധം അതേക്കുറിച്ച് വന്നിരിക്കുന്നു. മാത്രമല്ല, ചീത്ത ബിദ്അത്ത് നടപ്പിൽ വരുത്തുക, ധന ദുർവിനിയോഗം, അമിതവ്യയം, പോരിമ, സ്വേഛാധിപതികളോടും ദൈവധിക്കാരികളോടുമുള്ള സാദൃശ്യം എന്നീ ദോഷങ്ങളും അതിൽ അന്തർഭവിച്ചിരിക്കുന്നു"[5].

അദ്ദേഹം വീണ്ടും പറയുന്നു: "പൊതുശ്മശാനത്തിൽ കെട്ടിടമുണ്ടാക്കുന്നത് നിഷിദ്ധമാണ്. ഉണ്ടാക്കിയത് പൊളിച്ചുനീക്കുകയും വേണം. ഇതിൽ പണ്ഡിതന്മാർ, പുണ്യവാളന്മാർ, അല്ലാത്തവർ എന്ന വ്യത്യാസമില്ല. ഇതിനെതിരെ 'ഖാദിമി'ൽ വന്ന അഭിപ്രായം ബാലിശമാണ്. അവഗണിക്കേണ്ടതുമാണ്. ഇമാം ശാഫിഈ(റ)യുടെയും മറ്റും ഖുബ്ബയുണ്ടാക്കിയ ആളെ പണ്ഡിതന്മാർ ആക്ഷേപിച്ചതിന് വല്ല കണക്കുമുണ്ടോ? അവരുടെ ഗ്രന്ഥങ്ങളിൽ അതേപ്പറ്റി വ്യക്തമായി രേഖപ്പെട്ടുകിടക്കുന്നതുതന്നെ (തെളിവിന്) ധാരാളം മതിയല്ലോ."[6]

മാത്രമല്ല, ഖുബ്ബയോ മറ്റു കെട്ടിടങ്ങളോ ഉണ്ടാക്കാനുള്ള വസ്വിയ്യത്ത് ദുർവ്യയവും നിഷിദ്ധവുമാണെന്നതിൽ യാതൊരു സംശയവുമില്ലെന്ന് അദ്ദേഹം ഇമാം അദ്റഈയെ ഉദ്ധരിക്കുന്നു[7]. ഖബ്ർ തൊടുകയോ തടവുകയോ മുത്തുകയോ ചെയ്യരുതെന്നും അവ ക്രൈസ്തവ സംസ്കാരമാണെന്നും ഇമാം ഗസ്സാലി(റ)യും പറയുന്നു[8]. ഇമാം ശാഫിഈ(റ)യുടേതടക്കമുള്ള കെട്ടിയുയർത്തിയ ഖബ്റുകൾ പൊളിച്ചുനീക്കണമെന്ന് ഇബ്നു ജമീസ്, അല്ലാമാ സഹീറുദ്ദീൻ എന്നിവരടക്കമുള്ള പണ്ഡിതന്മാർ ഫത്‌വ നൽകിയ കാര്യം വിശദീകരിച്ച ശേഷം ഇമാം സുയൂത്വി(റ) എഴുതുന്നു: "പിൽക്കാല പണ്ഡിതന്മാരുടെ ഏകോപിതാഭിപ്രായ(ഇജ്മാഅ്)മാണിത്. പിന്നെങ്ങനെ കെട്ടിടമുണ്ടാക്കുന്നത് അനുവദനീയമാകും? മുൻചൊന്ന പണ്ഡിതന്മാർക്കെതിരാണത്."[9]

എന്നാൽ, കണിശമായ ഈ നിലപാടിൽ അയവുവരുന്നതാണ് പിന്നീട് നാം കാണുന്നത്. *ഇആനതുത്ത്വാലിബീനിലെ* വരികൾ അതാണ് വിളിച്ചോതുന്നത്: "ബുജൈരിമി പറയുന്നു: പ്രവാചകന്മാർ, രക്തസാക്ഷികൾ, സച്ചരിതർ തുടങ്ങിയവരുടെ ഖബ്റുകൾ ഈ നിയമത്തിൽനിന്നൊഴിവാണെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. റഹ്മാനിയുടെ വാക്കുകൾ ഇങ്ങനെ: അതേ, സന്ദർശനം സജീവമാക്കുക, തബർറുക് എടുക്കുക എന്നീ കാരണങ്ങളാൽ ഖുബ്ബ നിർമിച്ച് കെട്ടിപ്പൊക്കാവുന്നതാണ്. പൊതുസ്ഥലത്തും അങ്ങനെയാകാമെന്ന് പറഞ്ഞ ഹലബി, അങ്ങനെ ഫത്‌വയും നൽകിയിട്ടുണ്ട്"[10].

പണ്ഡിതന്മാരുടെ കൂട്ടായ്മയിൽനിന്നുള്ള അകൽച്ചയാണിതെന്നതിനാൽ ഈ അഭിപ്രായങ്ങളെ ഗ്രന്ഥകർത്താവ് ഖണ്ഡിക്കുകയാണ്. അദ്ദേഹം തുടർന്നെഴുതുന്നു: "ശൈഖുനാ ശബരി ഇതൊന്നും ഇഷ്ടപ്പെട്ടിട്ടില്ല. ഇത് സത്യത്തിനെതിരാണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ഖറാഫാ ശ്മശാനത്തിലെ കെട്ടിപ്പൊക്കിയ ഖബ്റുകൾ പൊളിച്ചുമാറ്റാൻ ഇബ്നു അബ്ദിസ്സലാം ഫത്‌വ നൽകിയിട്ടുണ്ട്."[11]

എന്നാൽ ഇബ്നു ഹജർ ഹൈതമി മുതൽക്കിങ്ങോട്ടുള്ള പ്രഗത്ഭ പണ്ഡിതന്മാർ അവഗണിച്ചുകളയാനാഹ്വാനം ചെയ്ത ഇത്തരം അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ദയനീയ കാഴ്ചയാണ് ചില പിൽക്കാല ഫിഖ്ഹീ ഗ്രന്ഥങ്ങളിൽ ക്രമേണ നാം കണ്ടുവരുന്നത്. ഇവിടെയുള്ള ചിലരുടെ നിലപാടുകൾ ഉദാഹരണം. അവ ഇങ്ങനെ വായിക്കാം: "പൊതുശ്മശാനത്തിൽ ഖബ്ർ നിർമാണം ഹറാമാണെന്നും സ്വന്തം സ്ഥലത്ത് കറാഹത്താണെന്നും നാം കണ്ടു. പക്ഷേ, അത് അമ്പിയാ, ഔലിയാ, സ്വാലിഹുകൾ എന്നിവരല്ലാത്തവരുടെ ഖബ്റുകളാണ്. മയ്യിത്ത് മഹാത്മാവുമ്പോൾ അവരുടെ ഖബ്റിനെ കുറിച്ചുള്ള നിയമം വ്യത്യസ്തമാണ്. പൊതുഖബ്ർസ്ഥാനിൽ നിർമാണം നിഷിദ്ധമായത് മയ്യിത്ത് ദ്രവിച്ചുകഴിഞ്ഞാലും മറ്റുള്ളവർക്ക് ഉപകരിക്കാതെ ഖബ്ർ ശേഷിക്കുന്നതുകൊണ്ടാണല്ലോ. എന്നാൽ, മയ്യിത്ത് ദ്രവിക്കാതെ അജീർണ ജഡങ്ങളായ ഔലിയാഇന്റേതാകുമ്പോൾ അവിടെ കെട്ടിടമോ ഖുബ്ബയോ നിർമിക്കുന്നതിനു വിരോധമില്ല. സിയാറത്തിന് വരുന്നവർക്കും സ്ഥിരമായവിടെ ഖുർആനോതുന്നവർക്കും അത്തരം കെട്ടിടം വലിയ അനുഗ്രഹമാണ്. മാത്രമല്ല, അവരുടെ ഖബ്റുകൾ സാധാരണ ഖബ്റുകളെപോലെ ഒഴിച്ചിടുകയാണെങ്കിൽ മൺമറഞ്ഞ അത്തരം മഹാന്മാരെ ലോകം വിസ്മരിക്കാനിടവരും. അതുകൊണ്ടാണ് കർമശാസ്ത്ര പണ്ഡിതന്മാരിൽ ചിലർ, മഹാത്മാക്കളുടെ ഖബ്റുകളിൽ കെട്ടിട നിർമാണം അനുവദിച്ചിരിക്കുന്നത്..... ചില പണ്ഡിതന്മാർ പറഞ്ഞു: ഖബ്റുകൾ സ്വഹാബിമാരുടേതോ വലിയ്യാണെന്ന് പ്രസിദ്ധമായവരുടേതോ ഒഴികെ. അവർക്ക് ഈ നിയമം ബാധകമല്ല. അവരുടെ ഖബ്റുകൾ മാന്തൽ അനുവദനീയമല്ല. അതിനാൽ അവരുടെ ഖബ്റുകൾ പരിപാലിക്കുന്നതിന് (ഖബ്ർ നശിക്കാതിരിക്കാൻ ചുറ്റും കെട്ടിടം, ഖുബ്ബ എന്നിവ നിർമിക്കുക, ആദരവും ബഹുമാനവും നിലനിർത്താനാവശ്യമായതൊക്കെ ചെയ്യുക) പണം വസ്വിയ്യത്ത് ചെയ്യൽ അനുവദനീയമാണ്"[12]

".... ഇനി, ഔലിയാക്കൾ, പണ്ഡിതവരേണ്യർ, ശുഹദാക്കൾ, പുണ്യാത്മാക്കൾ ഇവരുടെയക്കെ ഖബ്റാണെങ്കിലോ പൊക്കിയുയർത്തുന്നതിന് വിരോധമില്ല. കാരണം, ആ ഖബ്റുകൾ സിയാറത്ത് ചെയ്യാൻ വരുന്നവർക്ക് വെയിലും മഴയും കൊള്ളാതിരിക്കാൻ, സമാധാനത്തോടെ സിയാറത്ത് നടത്താൻ, മഹാരഥന്മാരുടെ സ്മരണകൾ വരുംതലമുറക്ക് അയവിറക്കാൻ, അവരുടെ നാമവും അപദാനങ്ങളും ചരിത്രങ്ങളുമൊക്കെ ജനതതിക്കാവേശമാവാൻ, അതിലൂടെ ഇസ്‌ലാമികാവേശം ലഭ്യമാവാൻ ഇതാവശ്യമാണ്."[13]

അങ്ങനെയെങ്കിൽ, നിരവധി സ്വഹീഹായ ഹദീസുകളിലും പ്രാമാണിക ഫിഖ്ഹ് ഗ്രന്ഥങ്ങളിലും വ്യാപകമായി വന്ന നിരോധം ആരെയാണ് ബാധിക്കുന്നത്? ഒന്നുമറിയാത്ത സാധാരണക്കാരെത്തന്നെ!

അബ്സീനിയയിൽ താൻ കണ്ട മനോഹരമായ ചർച്ചിനെ കുറിച്ച് നബി(സ)യോട് വർണിച്ച പത്നിയോട് അവിടുന്ന് പറഞ്ഞ കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്: "ഒരു പുണ്യവാളൻ മരിച്ചാൽ അയാളുടെ ഖബ്റിനെ ആരാധനാകേന്ദ്രമാക്കുകയും അതിലവരുടെ പ്രതിമകൾ നിർമിക്കുകയും ചെയ്യുന്നവരാണവർ. ദൈവത്തിങ്കൽ ഏറ്റവും നിന്ദ്യരായ വിഭാഗം."

ഇവിടെ പുണ്യവാളൻ എന്ന് നബി(സ) പ്രത്യേകം പറഞ്ഞിരിക്കെ, സാധാരണക്കാരന്റെ ഖബ്റാണ് വിവക്ഷയെന്നു പറയാൻ ബുദ്ധിയുള്ള ആർക്കാണ് കഴിയുക? ഖബ്റിന്മേൽ കെട്ടിടമുണ്ടാക്കുന്നത് സംബന്ധിച്ച ആദികാല ഇസ്‌ലാമിക നിലപാടിന് പിൽക്കാലത്ത് വന്ന പരിണാമഗതി വിവരിക്കുക മാത്രമാണിവിടെ ചെയ്തത്.

('പുണ്യവാളപൂജ മുസ്‌ലിംകളിലെത്തിയ വഴി' എന്ന വിഷയത്തെക്കുറിച്ച് എഴുതിവരുന്ന പുസ്തകത്തിൽനിന്ന്)

അവസാനിച്ചു

കുറിപ്പുകൾ
1. ഇമാം ശാഫിഈ: *കിതാബുൽ ഉമ്മ് 1/246*
2. ഇമാം നവവി: *ശറഹുൽ മുഹദ്ദബ്* 5/309
3. Ibid 5/292
4. Ibid 5/298
5. ഇബ്നു ഹജർ ഹൈതമി: *ഫതാവൽ കുബ്റാ* 2/16
6. Ibid 2/17
7. Ibid
8. ഇമാം ഗസ്സാലി: *ഇഹ്‌യാഉലൂമിദ്ദീൻ* 4/475 (അബ്നാഅ് മൗലവി. മുംബൈ). *ശിഫാഉസ്സുദൂർ* പേജ് 21.
9. ഇമാം സുയൂത്വി: *ശിഫാഉസ്സുദൂർ* പേജ് 49
10. *ഇആനതുത്ത്വാലിബീൻ* 2/137
11. Ibid
12. മൊയ്തു ബാഖവി, മാടവന: *മഖ്ബറ: ആചാരവും അനാചാരവും* പേജ് 46,47 (എസ്.വൈ.എസ്)
13. ഫൈസി, പി.എം.കെ: *മഖ്ബറകൾക്കു ചുറ്റും.* പേജ് 14 (എസ്.എസ്.എഫ് പൊന്നാനി)